# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 54** **28.05.2019 ലെ മറുപടിക്ക്**

## വോട്ടിംഗ് മെഷീനുകളിലെ കൃത്രിമം

| | ചോദ്യം<br>ഡോ. എം.കെ.മുനീർ | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|
| (എ) | ലോക്സഭയിലേയ്ക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ഉപയോഗിച്ച വോട്ടിംഗ് മെഷീനുകളിൽ തിരുവനന്തപുരം മണ്ഡലത്തിലെ കോവളത്തുള്ള ഒരു ബൂത്തിൽ ഉൾപ്പെടെ ചില ഇടങ്ങളിൽ വോട്ടർമാർ ഉദ്ദേശിച്ച ആൾക്ക് വോട്ട് ചെയ്തുവെങ്കിലും മറ്റൊരു ചിഹ്നത്തിൽ അത് വോട്ടായി മാറിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | അപ്രകാരമുള്ള മീഡിയാ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി തെളിഞ്ഞാൽ നിലവിലെ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താൻ ആവശ്യപ്പെടുമെന്ന സർക്കാരിന്റെ മുൻനിലപാട് പ്രകാരം ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ? | വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നതായി ഇതുവരെയും തെളിയിക്കപ്പെട്ടിട്ടില്ല എന്നാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ അറിയിച്ചിട്ടുള്ളത്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രതിപക്ഷകക്ഷികൾ ഉൾപ്പെടെയുള്ളവരുമായി എന്തെങ്കിലും കൂടിയാലോചന നടത്തിയിരുന്നോ; എങ്കിൽ അത് സംബന്ധിച്ച് നടന്ന തുടർനടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | ഇല്ല. |

സെക്ഷൻ ഓഫീസർ